എ.വൈ.ആർ

**സമ്പത്തും സ്വാധീനവുമൊക്കെ നേടാനും നഷ്ടപ്പെടാനും നിശ്ചയിക്കപ്പെട്ട ഭൗതികമായ കാര്യ കാരണ നിയമമനുസരിച്ച് മനുഷ്യർ നേടുകയും നഷ്ടപ്പെടുകയും ചെയ്യും. ഭൗതിക നേട്ടങ്ങളുണ്ടാകുന്നത് അനുഗ്രഹം തന്നെയാണ്. ഈ അനുഗ്രഹത്തിന് പക്ഷേ, അത് ലഭിച്ചവരുടെ നടപടികളെല്ലാം അല്ലാഹു ഇഷ്ടപ്പെടുന്നുവെന്നോ പരലോകത്തും അവർക്ക് ഇതൊക്കെ തന്നെ ലഭിക്കമെന്നോ അർഥമില്ല. കാര്യങ്ങളുടെ ധാർമിക വിധിയും പരലോകാവസ്ഥയും തികച്ചും വ്യത്യസ്തമായ മറ്റൊരടിസ്ഥാനത്തിലാണുണ്ടാവുക. ഭൗതികമായ ഭാഗ്യ നിർഭാഗ്യങ്ങൾക്ക് പരീക്ഷണം എന്ന മറ്റൊരു മാനവും കൂടിയുണ്ട്. അതാണ് ഏറ്റവും പ്രധാനമായത്.**



فَذَرْهُمْ فِى غَمْرَتِهِمْ حَتَّىٰ حِينٍ ﴿٥٤﴾

54. ശരി, അവരെ വിട്ടുകളയുക. അവർ സ്വന്തം മൗഢ്യക്കയത്തിൽ തന്നെ മുങ്ങിക്കിടക്കട്ടെ; നിശ്ചിത കാലം വരെ.

**54**

അപ്പോൾ (ശരി) നീ അവരെ വിട്ടുകളയുക = فَذَرْهُمْ

അവരുടെ (മൗഢ്യ)ക്കയത്തിൽ (മുങ്ങി കിടക്കട്ടെ) = فِى غَمْرَتِهِمْ

ഒരു നിശ്ചിത കാലം വരെ = حَتَّىٰ حِينٍ

**ഈ** സൂക്തം സംബോധന ചെയ്യുന്നത് മുഹമ്മദ് നബിയെയാണ്. അവർ - هم- സൂചിപ്പിക്കുന്നത് ഖുറൈശികളെയാണ്. ആളിറങ്ങി നിന്നാൽ മുങ്ങിപ്പോകാൻ മാത്രം വെള്ളമുള്ള കയമാണ് ഭാഷയിൽ غمرة . അവരെ മോചിപ്പിക്കാനാവാത്തവണ്ണം മൂടിക്കഴിഞ്ഞ അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണ് ഇവിടെ ഉദ്ദേശ്യം. വചന താൽപര്യമിതാണ്: പ്രവാചകൻ എത്രയൊക്കെ കുലുക്കി വിളിച്ചിട്ടും ഇക്കൂട്ടർ ഉണരാൻ കൂട്ടാക്കുന്നില്ലെങ്കിൽ, ആചാര വിചാരങ്ങളിൽ മാറ്റം വരുത്താൻ തയാറാകുന്നില്ലെങ്കിൽ അവരെ ആ പാട്ടിൽ വിട്ടുകളയുക. ഈ മൗഢ്യത്തിന്റെ അനന്തരഫലം അവർ താമസിയാതെ അനുഭവിച്ചുകൊള്ളട്ടെ. حَتَّىٰ حِين എന്നാൽ 'ഒരു കാലം വരെ' എന്നാണർഥം. അവർക്ക് നിശ്ചയിക്കപ്പെട്ടതും അടുത്തു തന്നെ ആസന്നമാകുന്നതുമായ അവധിയാണ് ഇവിടെ ഉദ്ദേശ്യം. ■

أَيَحْسَبُونَ أَنَّمَا نُمِدُّهُم بِهِۦ مِن مَّالٍ وَبَنِينَ ﴿٥٥﴾

55. ഇക്കൂട്ടർ കരുതുന്നുവോ, സമ്പത്തിനാലും സന്തതികളാലും നാം അവരെ പോഷിപ്പിച്ചു കൊണ്ടിരിക്കുന്നത് വഴി,

نُسَارِعُ لَهُمْ فِى ٱلْخَيْرَٰتِ ۚ بَل لَّا يَشْعُرُونَ ﴿٥٦﴾

56. നാം അവർക്ക് തിരക്കിട്ട് സൗഭാഗ്യങ്ങൾ ചൊരിയുകയാണെന്ന്? അല്ല. പക്ഷേ, യാഥാർഥ്യം അവരറിയുന്നില്ല.

**55,56**

أَيَحْسَبُونَ = അവർ (ഇക്കൂട്ടർ) വിചാരിക്കുന്നുവോ

أَنَّمَا نُمِدُّهُم بِهِۦ = നാം അവരെ പോഷിപ്പിക്കുന്നതെന്തുകൊണ്ടാണോ അത് (വഴി)

مِن مَّالٍ وَبَنِينَ = സമ്പത്തിനാലും സന്തതികളാലും

نُسَارِعُ لَهُمْ = നാം അവർക്ക് ധൃതിപ്പെടുകയാണെന്ന് (തിരക്കിട്ട് ചൊരിഞ്ഞുകൊടുക്കുകയാണെന്ന്)

فِى ٱلْخَيْرَٰتِ = നന്മകളിൽ (സൗഭാഗ്യങ്ങൾ) بَل = അല്ല, പക്ഷേ لَّا يَشْعُرُونَ = (യാഥാർഥ്യം) അവർ അറിയുന്നില്ല

ഭൗതിക സുഖഭോഗങ്ങളെ സമഗ്രമായി കുറിക്കുന്ന പ്രയോഗമാണ് مَالٌ وبَنُون-മുതലും മക്കളും. ഇക്കൂട്ടർ അന്ധമായ ധിക്കാര ലഹരിയിലാണ്ടുപോയതിന്റെ മൂല കാരണം അവർക്ക് ധാരാളം സുഖഭോഗങ്ങൾ ലഭിച്ചിരിക്കുന്നു എന്നതാണ്. അതിന്റെ താരാട്ടും താലോടലും അവരെ ജീവിതത്തിന്റെ യാഥാർഥ്യങ്ങളിലേക്ക് ഉണരാൻ അനുവദിക്കുന്നില്ല. തങ്ങളുടെ സുഖഭോഗ സമൃദ്ധി ജീവിതവിജയത്തിന്റെ അനിഷേധ്യമായ തെളിവായും അവർ വിലയിരുത്തുന്നു. അതു നാൾക്കുനാൾ വർധിച്ചു വരുന്നതിനർഥം ദൈവം എന്നൊന്നുണ്ടെങ്കിൽ അവൻ നിരന്തരം തങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു എന്നാണ്. അതുകൊണ്ട് വല്ലവരുടെയും മുന്നറിയിപ്പുകളും താക്കീതുകളും കേട്ട് ഭയന്ന് ജീവിതം അസ്വസ്ഥമാക്കാൻ അവർക്കു താൽപര്യമില്ല. എന്നാൽ ഭീമമായ തെറ്റുധാരണയാണിത്. അവർ വിജയങ്ങളായി കരുതുന്നതൊന്നും യഥാർഥത്തിൽ വിജയങ്ങളല്ല. ഇത്തരം മൗഢ്യക്കയത്തിൽ ആണ്ടുപോകുന്നവർ പിന്നീട് അതിൽ നിന്ന് രക്ഷപ്പെടാൻ കഴിയാതെ പോവുക പ്രകൃതിയുടെ നിയമമാണ്. രക്ഷപ്പെടണമെങ്കിൽ തങ്ങൾ നാശ ഗർത്തത്തിലാണകപ്പെട്ടിരിക്കുന്നത് എന്ന ബോധമുണരണം. പക്ഷെ മൂഢത മൂലം ആ യാഥാർഥ്യം അവർക്ക് മനസ്സിലാവില്ല. ■

إِنَّ ٱلَّذِينَ هُم مِّنْ خَشْيَةِ رَبِّهِم مُّشْفِقُونَ ﴿٥٧﴾

57. എന്നാൽ വിധാതാവിനോടുള്ള ഭയഭക്തിയാൽ വിറകൊള്ളുന്നവരും,

وَٱلَّذِينَ هُم بِـَٔايَٰتِ رَبِّهِمْ يُؤْمِنُونَ ﴿٥٨﴾

58. വിധാതാവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരും

وَٱلَّذِينَ هُم بِرَبِّهِمْ لَا يُشْرِكُونَ ﴿٥٩﴾

59. വിധാതാവിനു പങ്കാളികളെ ചേർക്കാത്തവരും

وَٱلَّذِينَ يُؤْتُونَ مَآ ءَاتَوا۟ وَّقُلُوبُهُمْ وَجِلَةٌ أَنَّهُمْ إِلَىٰ رَبِّهِمْ رَٰجِعُونَ ﴿٦٠﴾

60. ഒരുനാൾ വിധാതാവിങ്കലേക്ക് തിരിച്ചു ചെല്ലേണ്ടതുണ്ടെന്ന വിചാരത്താൽ ചകിത മനസ്കരായി ദാനം ചെയ്യുന്നവരും ഉണ്ടല്ലോ,

أُو۟لَٰٓئِكَ يُسَٰرِعُونَ فِى ٱلْخَيْرَٰتِ وَهُمْ لَهَا سَٰبِقُونَ ﴿٦١﴾

61. അവരാകുന്നു നന്മയിൽ ജാഗ്രതയുള്ളവരും മുന്നേറുന്നവരും

**57 – 61**

إِنَّ ٱلَّذِينَ هُم مِّنْ خَشْيَةِ رَبِّهِم = തങ്ങളുടെ വിധാതാവിനോടുള്ള ഭയഭക്തിയാൽ

مُّشْفِقُونَ = വിറകൊള്ളുന്ന(വരും)വരാരോ

وَٱلَّذِينَ هُم بِـَٔايَـٰتِ رَبِّهِمْ = തങ്ങളുടെ വിധാതാവിന്റെ ദൃഷ്ടാന്തങ്ങളിൽ يُؤْمِنُونَ = വിശ്വസിക്കുന്നവ(രും)രാരോ

وَٱلَّذِينَ هُم بِرَبِّهِمْ = തങ്ങളുടെ വിധാതാവിനോട് لَا يُشْرِكُونَ = പങ്ക്(ാളികളെ) ചേർക്കാത്തവ(രും)രാരോ

وَٱلَّذِينَ يُؤْتُونَ = ദാനം ചെയ്യുന്ന, കൊണ്ടുവരുന്ന, പ്രവർത്തിക്കുന്നവ(രും ഉണ്ടല്ലോ)രാരോ

مَآ ءَاتَوا۟ = അവർ നൽകിയത്, ചെയ്തത് കൊണ്ടുവന്നത്

وَّقُلُوبُهُمْ وَجِلَةٌ = (അവരുടെ ഹൃദയങ്ങൾ ചകിതങ്ങളായിരിക്കെ(ചകിത മനസ്കരായി) أَنَّهُمْ = എന്തെന്നാൽ അവർ

إِلَىٰ رَبِّهِمْ = അവരുടെ വിധാതാവിങ്കലേക്ക്

رَٰجِعُونَ = (മടങ്ങുന്നവരാകുന്നു (മടങ്ങേണ്ടതുണ്ട് എന്ന വിചാരത്താൽ) أُو۟لَـٰٓئِكَ = അവർ(ആകുന്നു)

يُسَـٰرِعُونَ = (ഉളരുന്നവർ (ജാഗ്രതയുള്ളവരും) فِى ٱلْخَيْرَٰتِ = നന്മകളിൽ وَهُمْ = അവർ ആകുന്നു

لَهَا = (അതിന്(തിലേക്ക്) سَـٰبِقُونَ = മുൻ കടക്കുന്നവർ (മുന്നേറുന്നവരും)

സമ്പത്തും സംഖ്യാബലവും സമൂഹത്തിലുള്ള മേധാവിത്വവുമെല്ലാം തങ്ങൾ ചെയ്യുന്നതൊക്കെയും തങ്ങൾക്കനുവദിക്കപ്പെട്ട കാര്യങ്ങളാണെന്നതിന്റെയും തങ്ങളെ അല്ലാഹു അനവരതം അനുഗ്രഹിച്ചുകൊണ്ടിരിക്കുകയാണെന്നതിന്റെയും അനിഷേധ്യമായ തെളിവുകളായി കരുതി അധർമങ്ങളിലാറാടുകയും പ്രവാചക സന്ദേശങ്ങളെ തള്ളിക്കളയുകയും ചെയ്യുന്നവർ യാഥാർഥ്യം അറിയുന്നില്ലെന്നാണല്ലോ മുൻ സൂക്തത്തിൽ പറഞ്ഞത്. അവരറിയാത്ത യാഥാർഥ്യം എന്താണെന്ന് വ്യക്തമാക്കുകയാണീ വാക്യങ്ങൾ. സമ്പത്തും സ്വാധീനവുമൊക്കെ നേടാനും നഷ്ടപ്പെടാനും നിശ്ചയിക്കപ്പെട്ട ഭൗതികമായ കാര്യ കാരണ നിയമമനുസരിച്ച് മനുഷ്യർ നേടുകയും നഷ്ടപ്പെടുകയും ചെയ്യും. ഭൗതിക നേട്ടങ്ങളുണ്ടാകുന്നത് അനുഗ്രഹം തന്നെയാണ്. ഈ അനുഗ്രഹത്തിന് പക്ഷേ, അത് ലഭിച്ചവരുടെ നടപടികളെല്ലാം അല്ലാഹു ഇഷ്ടപ്പെടുന്നുവെന്നോ പരലോകത്തും അവർക്ക് ഇതൊക്കെ തന്നെ ലഭിക്കുമെന്നോ അർഥമില്ല. കാര്യങ്ങളുടെ ധാർമിക വിധിയും പരലോകാവസ്ഥയും തികച്ചും വ്യത്യസ്തമായ മറ്റൊരടിസ്ഥാനത്തിലാണുണ്ടാവുക. ഭൗതികമായ ഭാഗ്യനിർഭാഗ്യങ്ങൾക്ക് പരീക്ഷണം എന്ന മറ്റൊരു മാനവും കൂടിയുണ്ട്. അതാണ് ഏറ്റവും പ്രധാനമായത്. സൗഭാഗ്യങ്ങളെ അഥവാ ദൗർഭാഗ്യങ്ങളെ മനുഷ്യൻ എങ്ങനെ സമീപിക്കുന്നു എന്ന് പരീക്ഷിക്കുകയാണ് അല്ലാഹു. സൗഭാഗ്യങ്ങളെ അല്ലാഹു നിശ്ചയിച്ച ധാർമിക സദാചാര പരിധിക്കുള്ളിൽ ഉറച്ചുനിന്ന് കൈകാര്യം ചെയ്തവർക്ക് അതിലും മികച്ച സൗഭാഗ്യങ്ങൾ പരലോകത്തും ലഭിക്കും. ദൗർഭാഗ്യങ്ങളെ ഈവിധം സമീപിക്കുന്നവർക്കും പരലോകത്ത് മഹത്തായ സൗഭാഗ്യങ്ങൾ വിധിക്കുന്നു. ഇഹലോകത്തനുഭവിക്കേണ്ടിവന്ന കഷ്ടതകൾക്ക് മികച്ച പരിഹാരവും ലഭിക്കുന്നു. ഭൗതികസമൃദ്ധിയിൽ നിഗളിച്ച് ധാർമിക, സദാചാര നിയമങ്ങളുടെ പരിധി വിട്ട് ദൈവധിക്കാരികളായി വർത്തിക്കുന്നവർക്ക് അവരുടെ സൗഭാഗ്യത്തിലുണ്ടാകുന്ന ഓരോ വർധനവും പരലോകത്ത് മഹാ ദൗർഭാഗ്യവും കൊടും പീഡനവുമായി മാറുന്നു. ദൗർഭാഗ്യത്തിൽ നിരാശരായി പരിധി ലംഘിക്കുന്നവരുടെയും അവസ്ഥ ഇതുതന്നെ. അവർ ഈ ലോകത്തനുഭവിച്ച കഷ്ടതകളെല്ലാം വൃഥാവിലാവുകയും ചെയ്യും. അതായത്, ഭൗതിക സമൃദ്ധിയും ദാരിദ്ര്യവും ഒരുപോലെ പരീക്ഷണങ്ങളാണ്. ഒരർഥത്തിൽ രണ്ടും അനുഗ്രഹമാണ്. മറ്റൊരർഥത്തിൽ രണ്ടും ശാപവുമാണ്. അനുഗ്രഹമാകുന്നതും ശാപമാകുന്നതും മനുഷ്യൻ അവയോട് സ്വീകരിക്കുന്ന സമീപനമനുസരിച്ചാകുന്നു.

ഈ അടിസ്ഥാനത്തിൽ അല്ലാഹുവിന്റെ അനുഗ്രഹഭാജനമാകുന്ന മനുഷ്യരുടെ സ്വഭാവചര്യകൾ അടയാളപ്പെടുത്തിയിരിക്കുകയാണ് ഈ സൂക്തങ്ങളിൽ. ഈ സൂറയുടെ ആരംഭത്തിൽ പതിനൊന്ന് സൂക്തങ്ങളിലായി വർണിച്ച ഗുണങ്ങൾ തന്നെയാണ് ഇവിടെ മറ്റൊരു രീതിയിൽ വർണിച്ചിരിക്കുന്നത്. മുൻ സൂക്തങ്ങളിലെന്ന പോലെ ഇവിടെയും ٱلَّذِينَ هُم എന്ന ശൈലി ആവർത്തിച്ചിരിക്കുന്നു. അതുൾക്കൊള്ളുന്ന സവിശേഷ ധ്വനിയും ഊന്നലും *ഖുർആൻ ബോധനം* അവിടെ സൂചിപ്പിച്ചിട്ടുണ്ട്. യഥാർഥത്തിൽ ധർമ പ്രാപ്തിക്കുവേണ്ടി ശ്രദ്ധയോടെ പ്രയത്നിക്കുകയും മറ്റാരെക്കാളും മുമ്പായി അത് നേടുകയും ചെയ്യുന്നവർ ക്ഷണികമായ ഭൗതിക ഭോഗങ്ങളെക്കാളേറെ അല്ലാഹുവിന്റെ പ്രീതി കാമിക്കുകയും മറ്റെല്ലാ ഭയങ്ങളെക്കാളേറെ അല്ലാഹുവിന്റെ അപ്രീതി ഭയപ്പെടുകയും ചെയ്യുന്നവരാണ്. നേരത്തെ هُمْ فِى صَلَاتِهِمْ خَـٰشِعُونَ എന്നു പറഞ്ഞതിന്റെ മറ്റൊരു ഭാഷ്യമാണ് هُم مِّنْ خَشْيَةِ رَبِّهِم مُّشْفِقُونَ. നമസ്കാരത്തിൽ മാത്രമല്ല അവരുടെ ഭയഭക്തി. ജീവിതം മുഴുവൻ നിയന്ത്രിക്കുന്നത് ദൈവഭയമായിരിക്കും. അല്ലാഹുവിന്റെ അപ്രീതിക്കിടയാക്കുന്ന വല്ലതും വന്നുപോയേക്കുമോ എന്ന ആശങ്കയും സദാ അവരിലുണ്ടാകും. مُّشْفِقُونَ–ന്റെ അർഥം സൂറഃ *അൽ അമ്പിയാഅ്* 28–ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിട്ടുണ്ട്. ഈ ഭയവും ആശങ്കയും അവരുടെ ചലനങ്ങളെ മുഴുവൻ ധാർമികമായും സദാചാരപരമായും സംസ്കരിക്കുന്നു.വിധാതാവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുക

യാണ് രണ്ടാമത്തെ ലക്ഷണം. آيَات അല്ലാഹുവിന്റെ കഴിവും ഗുണങ്ങളും ഏകത്വവും സാക്ഷ്യപ്പെടുത്തുന്ന പ്രാപഞ്ചിക പ്രതിഭാസങ്ങളോടൊപ്പം പ്രവാചകന്മാരിലൂടെ അല്ലാഹു അവതരിപ്പിച്ച വേദപ്രമാണങ്ങളും ഉൽബോധനങ്ങളും കൂടി ഉൾക്കൊള്ളുന്നു. ഈ രണ്ടാമത് പറഞ്ഞതാണ് ഈ സന്ദർഭത്തിൽ മുഖ്യ വിവക്ഷ. അതായത് ധർമ പ്രാപ്തിയും ജീവിത വിജയവും നേടുന്നവർ പ്രാപഞ്ചിക പ്രതിഭാസങ്ങളിലൂടെ ദൈവത്തിന്റെ ആസ്തിക്യമറിയുകയും, സത്യ പ്രവാചകന്മാർ പ്രബോധനം ചെയ്യുന്ന വേദപ്രമാണങ്ങളിലൂടെയും നിയമങ്ങളിലൂടെയും ദൈവം തങ്ങളിൽ നിന്നാവശ്യപ്പെടുന്നതെന്താണെന്നും അവന്റെ പ്രീതിക്ക് പാത്രമാകുന്നതെങ്ങനെയെന്നും പഠിച്ചു പകർത്തുകയും ചെയ്യുന്നു.

മൂന്നാമത്തെ ലക്ഷണം അവരുടെ വിശ്വാസം നിഷ്കളങ്കവും നിസ്വാർഥവുമായിരിക്കും എന്നതാണ്. റബ്ബിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുക എന്നതിനു ശേഷം, ആരെയും റബ്ബിന്റെ പങ്കാളിയാക്കാതിരിക്കുക എന്നു പറയുന്നത് ഏറെ അർഥവത്താണ്. ലോകത്തിലെ മുക്കാലേമുണ്ടാണി ജനവും ദൈവവിശ്വാസികളാണ്. പക്ഷേ, ഒരൊറ്റ ദൈവം കൊണ്ട് പലരും തൃപ്തിപ്പെടുന്നില്ല. ചിലർ ദിവ്യത്വത്തിൽ തുല്യ പങ്കാളിത്തമുള്ളവരെന്ന വ്യാജേന പല ദൈവങ്ങളിലാണ് വിശ്വാസമർപ്പിക്കുന്നത്. പരമേശ്വരൻ ഒന്നേയുള്ളൂ. എന്നാൽ ദിവ്യത്വത്തിന്റെ അംശങ്ങൾ പങ്കുവെക്കുന്ന ധാരാളം ഉപദൈവങ്ങൾ വേറെയുമുണ്ട് എന്നാണ് ചിലരുടെ വിശ്വാസം. ഈ രണ്ടു വിഭാഗവും ദൈവത്തിൽ വിശ്വസിക്കുന്നതോടൊപ്പം നിഷേധിക്കുന്നവരുമാണ്. കാരണം എല്ലാ നിലക്കും ഏകനായിട്ടുള്ള യഥാർഥ ദൈവത്തെ നിഷേധിച്ചുകൊണ്ടല്ലാതെ ബഹുദൈവങ്ങളിലും ഉപദൈവങ്ങളിലും വിശ്വസിക്കാൻ കഴിയില്ല. അത്തരക്കാർ അവലംബിക്കുന്നതും ആരാധിക്കുന്നതും തവക്കുൽ ചെയ്ത് ജീവിതം സമർപ്പിക്കുന്നതും സാക്ഷാൽ അല്ലാഹുവിന്നാവില്ല. തങ്ങളുടെ ഉപദൈവങ്ങൾക്ക് കൂടിയായിരിക്കും. തന്റെ സൃഷ്ടികൾക്ക് പങ്കുവെക്കപ്പെട്ട ആരാധനകളും ഭയഭക്തി വിധേയത്വങ്ങളും അല്ലാഹു സ്വീകരിക്കുകയില്ല. സാക്ഷാൽ അല്ലാഹുവിൽ മാത്രം വിശ്വസിക്കുകയും അവനെ മാത്രം ആരാധിക്കുകയും അവന്റെ മാത്രം ശാസനകൾ അനുസരിക്കുകയും അവനിൽ തന്നെ സമർപ്പിക്കുകയും ചെയ്യുന്നവരാണ് യഥാർഥ വിശ്വാസികൾ.

യഥാർഥ ജീവിത വിജയം തേടുകയും നേടുകയും ചെയ്യുന്നവരുടെ നാലാമത്തെ ലക്ഷണം അവർ കർമങ്ങളിൽ നിഷ്കളങ്കരും നിസ്വാർഥരുമായിരിക്കും എന്നതാണ്. നമസ്കരിക്കുകയും ദാനധർമങ്ങൾ ചെയ്യുകയും നോമ്പനുഷ്ഠിക്കുകയുമൊക്കെ ചെയ്യുന്നതിനാൽ തങ്ങളുടെ പാരത്രിക വിജയം ഉറപ്പായിക്കഴിഞ്ഞു എന്ന് അവർ അഹങ്കരിക്കുകയില്ല. കർമങ്ങളുടെ ഉദ്ദേശ്യ ശുദ്ധിയിൽ കളങ്കം ചേർന്നുപോയോ, സ്വാർഥ ലക്ഷ്യങ്ങൾ സ്വാധീനിച്ചുവോ എന്ന് സന്ദേഹിക്കുകയും അങ്ങനെ വല്ലതും സംഭവിച്ചിട്ടുണ്ടെങ്കിൽ നാളെ അല്ലാഹുവിന്റെ മുമ്പിലെത്തുമ്പോൾ തങ്ങളുടെ സൽകർമങ്ങൾ തള്ളപ്പെട്ടതായി കാണേണ്ടിവരുമല്ലോ എന്നോർത്ത് അവരുടെ മനസ്സ് ചകിതമായിരിക്കുകയും ചെയ്യും. ഈയൊരു ഭയം അവരുടെ കർമങ്ങളെ നാൾക്കുനാൾ സംശുദ്ധമാക്കിക്കൊണ്ടിരിക്കും. يُؤْتُونَ مَآ ءَاتَوا എന്ന വാക്കിന്റെ അർഥം 'അവർ നൽകിയത് നൽകുന്നു അഥവാ അവർ നൽകുന്നതെന്തും നൽകുന്നത്' എന്നാണ്. يُؤْتُونَ എന്ന വാക്കിന് 'ദാനം കൊടുക്കുക' എന്നു മാത്രമല്ല അർഥമുള്ളത്. ആശയം അവതരിപ്പിക്കുക, നിർവഹിക്കുക, അനുസരിക്കുക തുടങ്ങിയ ആശയങ്ങളെയും അത് വഹിക്കുന്നുണ്ട്. അതിനാൽ ഇവിടെ ഉദ്ദേശിക്കുന്ന നിഷ്കളങ്കതയും നിസ്വാർഥതയും സ്വീകാര്യതയിലുള്ള ആശങ്കയും, മുതൽ ദാനം ചെയ്യുന്നതുമായി മാത്രം ബന്ധപ്പെട്ടതല്ല. വിശ്വാസികളുടെ എല്ലാ സൽകർമങ്ങളുമായും അത് ബന്ധപ്പെട്ടിരിക്കുന്നു. ഇമാം അഹ്മദും തിർമിദിയും ആഇശ(റ)യിൽ നിന്ന് ഉദ്ധരിക്കുന്ന ഒരു നിവേദനം ഈ വാക്യത്തിന്റെ അർഥം മനസ്സിലാക്കാൻ സഹായകമാണ്. അവർ നബി(സ)യോട് ചോദിച്ചു: "തിരുദൂതരേ, وَٱلَّذِينَ يُؤْتُونَ مَآ ءَاتَوا وَّقُلُوبُهُمْ وَجِلَةٌ എന്ന വാക്യത്തിൽ പറയുന്നത് അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് മോഷ്ടിക്കുകയും വ്യഭിചരിക്കുകയും മദ്യപിക്കുകയും ചെയ്യുന്നവരെക്കുറിച്ചാണോ? പ്രവാചകൻ പ്രസ്താവിച്ചു: അല്ല, അബൂബക്റിന്റെ മകളേ, സിദ്ദീഖിന്റെ മകളേ, പ്രത്യുത അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും ദാനധർമങ്ങൾ കൊടുക്കുകയും ചെയ്യുന്നവരെക്കുറിച്ചാണ്."

ഇപ്പറഞ്ഞ സദ്ഗുണങ്ങളുള്ളവരാണ് നന്മകളും ധർമങ്ങളും തേടുകയും വിജയപഥത്തിൽ മുന്നേറുകയും ചെയ്യുന്നവർ. അവർ ആർജിച്ച ആ സൽഗുണങ്ങളുടെ ഫലമാണത്. അവർ മാത്രമാണ് സൗഭാഗ്യവാന്മാർ. നേരെ മറിച്ച് ദൈവത്തിന്റെ പരീക്ഷണങ്ങളെ തങ്ങളുടെ മഹാ വിജയങ്ങളായി വിലയിരുത്തുകയും സ്വന്തം നാശത്തിന്റെ മഹാ ഗർത്തത്തിലേക്ക് അന്ധമായി പാഞ്ഞടുക്കുകയും ചെയ്യുന്നവർ സൗഭാഗ്യവാന്മാരല്ല, നിർഭാഗ്യവാന്മാരാണ്. നേരത്തേ യഥാർഥ വിശ്വാസികളുടെ വർണന തുടങ്ങിയത് قَدْ أَفْلَحَ ٱلْمُؤْمِنُونَ എന്നും, അവസാനിച്ചത് ٱلَّذِينَ يَرِثُونَ ٱلْفِرْدَوْسَ هُمْ فِيهَا خَٰلِدُونَ എന്നുമാണ്. ഇവിടെ ധർമിഷ്ഠരായ യഥാർഥ വിശ്വാസികളുടെ വർണന അവസാനിക്കുന്നത് أُو۟لَٰٓئِكَ يُسَٰرِعُونَ فِى ٱلْخَيْرَٰتِ وَهُمْ لَهَا سَٰبِقُونَ എന്നാണ്. ഈ ശൈലി മാറ്റം വ്യക്തമാക്കുന്നതിതാണ്: ഈ ലോകത്ത് മനുഷ്യന് ലഭിക്കുന്നതെന്തും അല്ലാഹുവിങ്കൽ നിന്നു മാത്രം ലഭിക്കുന്നതാണ്. അതിന് അനുഗ്രഹം എന്ന ഒരു പുറം മാത്രമല്ല ഉള്ളത്. പരീക്ഷണം എന്ന മറുപുറവുമുണ്ട്. അനുഗ്രഹങ്ങളെ ഭൗതികലോകത്ത് യഥേഷ്ടം അനുഭവിക്കാനാകും. പക്ഷേ, പരലോകത്ത് അവർക്കത് അനുഗ്രഹമായി അനുഭവിക്കാൻ ഇഹലോകത്ത് പരീക്ഷണമെന്ന വശത്തെ യഥോചിതം നേരിടേണ്ടിവരും. പരീക്ഷയിലെ ചോദ്യങ്ങൾക്ക് നിശ്ചിത ഉത്തരങ്ങളുണ്ട്. അതെഴുതുന്നവരേ ജയിക്കൂ. പരീക്ഷാ ചോദ്യങ്ങൾക്ക് തനിക്ക് തോന്നിയപോലെ ഉത്തരമെഴുതുന്നവർ തോൽക്കുക മാത്രമല്ല; ചിലപ്പോൾ സ്കൂളിൽ നിന്ന് പുറത്താക്കപ്പെടാനും ഇടയാകും. പരലോകത്ത് മനുഷ്യന് ലഭിക്കുന്നത് അവന്റെ കർമഫലം മാത്രമായിരിക്കും. നിങ്ങൾ വിശിഷ്ടമായ കർമഫലങ്ങൾ ലഭിക്കുന്ന കർമങ്ങളിലാണ് മത്സരിച്ചു മുന്നേറേണ്ടത്. മറിച്ച് ക്ഷുദ്രവും ക്ഷണികവുമായ ഭൗതിക വിഭവങ്ങൾ അനുഭവിക്കുന്നതിലല്ല. ■